# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2467     12/02/2020-ൽ മറുപടിക്ക്

### കോട്ടത്താവളം ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ട്

| | ചോദ്യം<br><br>**ശ്രീ.പി.സി. ജോർജ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ കോട്ടത്താവളം കേന്ദ്രമാക്കി മിനി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ തീരുമാനിച്ചി ട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ കോട്ടത്താവളത്തിനടുത്ത് പെരിങ്ങുളം എന്ന സ്ഥലത്ത് 2012 ലെ ചെറുകിട ജല വൈദ്യുതി നയപ്രകാരം ശ്രീ. ജോൺസ് മാത്യു കോലോത്ത് (പെരിങ്ങുളം പോസ്റ്റ്) എന്ന വ്യക്തി 3 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ഈ പദ്ധതി 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകൻ സ്വന്തം പുരയിട ത്തിനടുത്ത് സ്വയം കണ്ടെത്തിയ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉദ്ദേശത്തോടെ സമർപ്പിച്ച അപേക്ഷ എന്ന രീതിയിലുള്ളത് ആയതിനാൽ ഇതിനു വേണ്ടി 5.12.2017 ൽ സ്ഥലത്തിന്റെ ഉടമസ്ഥ അവകാശവും, മറ്റ് വിവരങ്ങളും ആരാഞ്ഞു കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിൽ നിന്ന് അയച്ച കത്തിന് ഇതുവരെ മറുപടി ലഭിക്കാത്തതിനാൽ, രൂപരേഖ തയ്യാറാ ക്കാനുള്ള അനുമതി നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടു ള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ സംരംഭകർ ഇത്തരത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്ന അവസ രത്തിൽ രൂപരേഖ തയ്യാറാക്കുന്നതിന് സംരംഭകർ തന്നെ ഏജൻസിയെ കണ്ടെ ത്തേണ്ടതുണ്ട്. |
| (സി) | ഈ പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര വാട്ട് വൈദ്യുതിയാണ് ഇതുവഴി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ? | (സി) | രൂപരേഖ തയ്യാറാക്കിയാൽ മാത്രമേ പദ്ധതിയുടെ ശേഷിയും വൈദ്യുതി ഉല്പാദനവും കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ